എ.വൈ.ആർ

മുഹമ്മദ് നബി(സ)യുടെ പ്രബോധന സാഹചര്യങ്ങൾ പലപ്പോഴും മൂസാ(അ)യുടെ പ്രബോധന സാഹചര്യവുമായി സാദൃശ്യപ്പെടുന്നുണ്ട്. അത്തരം സാഹചര്യങ്ങളിലൊക്കെ പ്രവാചകന്നും പ്രബോധകർക്കും ഒരു ചരിത്ര പാഠവും മാതൃകയും എന്ന നിലയിൽ ഖുർആൻ മൂസാ ചരിത്രം അനുസ്മരിക്കുന്നതു കാണാം.



وَإِذْ نَادَىٰ رَبُّكَ مُوسَىٰ أَنِ ائْتِ الْقَوْمَ الظَّالِمِينَ ﴿١٠﴾

10. നിന്റെ നാഥൻ മൂസായെ വിളിച്ച് മർദക ജനത്തിലേക്ക് ചെല്ലുക എന്നു കൽപ്പിച്ചതോർക്കുക.

قَوْمَ فِرْعَوْنَ ۚ أَلَا يَتَّقُونَ ﴿١١﴾

11. അതായത്, ഫറവോന്റെ ജനത്തിലേക്ക്; അവർ ദൈവഭയമുള്ളവരാകുന്നില്ലേ എന്നുണർത്താൻ.

**10,11**

وَإِذْ نَادَىٰ رَبُّكَ مُوسَىٰ = നിന്റെ നാഥൻ മൂസായെ വിളി(ച്ച് കൽപി)ച്ചത് ഓർക്കുക ‌ أَنِ ائْتِ = നീ ചെല്ലുക എന്ന്

الْقَوْمَ الظَّالِمِينَ = മർദക ജനത്തിലേക്ക് ‌ قَوْمَ فِرْعَوْنَ = (അതായത്) ഫറവോന്റെ ജനത്തിലേക്ക്

أَلَا يَتَّقُونَ = അവർ (ദൈവ)ഭയമുള്ളവരാകുന്നില്ലേ (എന്ന് ഉണർത്താൻ)

പ്രവാചകനെയും ഖുർആനെയും അംഗീകരിക്കാൻ ദൃഷ്ടാന്തങ്ങൾ വേണമെന്നുള്ളവർക്ക് അവരുടെ ചുറ്റുമുള്ള പ്രകൃതിയിൽ തന്നെ വേണ്ടുവോളം ദൃഷ്ടാന്തങ്ങൾ കാണാമെന്ന് ഉണർത്തുകയായിരുന്നു മുൻസൂക്തങ്ങൾ. പക്ഷേ ആളുകൾ പ്രകൃത്യാതീതമായ അത്ഭുതം കാണിക്കണമെന്ന് വാശി പിടിക്കുകയാണ്. വിശ്വസിക്കാതിരിക്കാൻ തീരുമാനിച്ചുറപ്പിച്ചിട്ടുള്ളവർ അത്തരം ദൃഷ്ടാന്തങ്ങൾ കണ്ടാലും വിശ്വസിക്കാൻ പോകുന്നില്ല. അതിന് ചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങളുണ്ട്. അക്കൂട്ടത്തിലൊന്നാണ് മൂസാ(അ)യുടെ ചരിത്രം. അതാണ് തുടർന്നു പറയുന്നത്.

മൂസാ(അ)യുടെയും ഫറവോന്റെയും ചരിത്രം ഖുർആൻ പലവട്ടം ആവർത്തിക്കുന്നുണ്ട്. സമ്പൂർണ ചരിത്രമായിട്ടല്ല പറയുന്നത്. മുഹമ്മദ് നബി(സ)യുടെ പ്രബോധന സാഹചര്യങ്ങൾ പലപ്പോഴും മൂസാ(അ)യുടെ പ്രബോധന സാഹചര്യവുമായി സാദൃശ്യപ്പെടുന്നുണ്ട്. അത്തരം സാഹചര്യങ്ങളിലൊക്കെ പ്രവാചകന്നും പ്രബോധകർക്കും ഒരു ചരിത്രപാഠവും മാതൃകയും എന്ന നിലയിൽ ഖുർആൻ മൂസാ ചരിത്രം അനുസ്മരിക്കുന്നതു കാണാം. അതത് സാഹചര്യങ്ങളിൽ പ്രസക്തമായ ചരിത്രാംശങ്ങളേ അനുസ്മരിക്കാറുള്ളൂ. ഇവിടെ മൂസാ-ഫറവോൻ ചരിത്രം അനുസ്മരിക്കുന്നതിലൂടെ പ്രവാചകനു നൽകുന്ന സന്ദേശമിതാണ്: താങ്കളുടേതിനേക്കാൾ പരിതാപകരവും സങ്കീർണവുമായ സാഹചര്യത്തിലാണ് മൂസാ പ്രബോധനം നടത്തിയത്. അദ്ദേഹം ഈജിപ്തിലെ അടിമ സമൂഹമായിരുന്ന യഹൂദരിലാണ് ജനിച്ചത്. വളർന്നത് ഫറവോന്റെ കൊട്ടാരത്തിലും. ഒരു കൊലക്കേസിനെത്തുടർന്ന് അവിടെനിന്ന് മദ്‌യനിലേക്ക് ഒളിച്ചോടേണ്ടിവന്നു. തിരികെ നാട്ടിലെത്തിയാൽ വിചാരണ ചെയ്യപ്പെടുമെന്നുറപ്പാണ്. അതിനുപുറമെ അദ്ദേഹത്തിന് വാചാലമായി സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. ഈജിപ്തിലെ വരേണ്യവർഗമായ ഖിബ്തികളുടെ രാജാവായിരുന്നു ഫറവോൻ. കടുത്ത സ്വേഛാധിപതിയും അധികാരപ്രമത്തനും. തനിക്കു മീതെ ഒരു ശക്തിയെയും അംഗീകരിക്കാൻ കൂട്ടാക്കാത്തവൻ.

ഈ ഫറവോനെയും അയാളുടെ സമുദായത്തെയും പ്രബോധനം ചെയ്യാനാണ് അടിമ വംശജനും കൊലക്കേസ് പ്രതിയുമായ മൂസാ(അ)യെ നിയോഗിച്ചത്. താങ്കളാവട്ടെ അറേബ്യയിലെ പ്രമുഖ ഗോത്രമായ ഖുറൈശ് വംശജനാണ്. പ്രവാചകത്വലബ്ധിക്കു മുമ്പ് നാട്ടിൽ മാന്യനും വിശ്വസ്തനുമായി അംഗീകരിക്കപ്പെട്ടവൻ. അപ്പോൾ താങ്കൾ നേരിടുന്നതിനേക്കാൾ വളരെയേറെ പ്രതികൂലമായ സാഹചര്യം നേരിടേണ്ടിവന്നിട്ടും മൂസാ നബി പിന്മാറിയില്ല. ആദർശപ്രബോധനവുമായി മുന്നോട്ടുപോയി. ഇസ്രാഈല്യരെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ചു. താൻ രക്ഷിച്ച സ്വജനത്തിൽ പോലും ചിലർ അദ്ദേഹത്തെ ധിക്കരിക്കാൻ ധൃഷ്ടരായി. എന്നിട്ടും സ്വന്തം നിലപാടിൽ ഒരു വിട്ടുവീഴ്ചക്കും തയാറായില്ല. ഒടുവിൽ ഫറവോനികൾ നശിച്ചു. അദ്ദേഹത്തിന്റെ ജനത വിശിഷ്ട ജനതയും രാഷ്ട്രവുമായി മാറി. താങ്കൾക്കിവിടെ ഫറവോനെപ്പോലൊരു സ്വേഛാധിപതിയെ നേരിടേണ്ടതില്ല. ജനങ്ങളുടെ ദ്രോഹങ്ങൾ മാത്രമേയുള്ളൂ. ഈ ആദർശം ബോധ്യപ്പെട്ടുകൊണ്ടിരിക്കുംതോറും മാറ്റമുണ്ടാകും. നിരാശപ്പെടാതെ സ്ഥൈര്യത്തോടെ ആദർശവുമായി മുന്നോട്ടുപോവുക. താങ്കളുടെ അനുയായികൾ മൂസാ(അ)യുടെ അനുയായികളേക്കാൾ മഹത്തായ ജനതയും രാഷ്ട്രവുമായി വികസിക്കും.

അവിശ്വാസികൾക്കുള്ള സന്ദേശം ഇതാണ്: പ്രവാചക സന്ദേശത്തിൽ വിശ്വസിക്കാൻ ദൃഷ്ടാന്തമായി പ്രകൃത്യാതീതമായ ദിവ്യാത്ഭുതങ്ങൾ തന്നെ പ്രത്യക്ഷപ്പെടുത്തണമെന്ന് വാശി പിടിക്കുകയാണല്ലോ നിങ്ങൾ. ഫറവോൻ ജനതയും ഇതുപോലെ ആവശ്യപ്പെട്ടിരുന്നു. മൂസാ പ്രവാചകൻ അനേകം ദിവ്യാത്ഭുതങ്ങൾ അവർക്കു മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. എന്നിട്ടും ഫറവോനികൾ വിശ്വസിക്കാൻ തയാറായില്ല. ഓരോ ദൃഷ്ടാന്തം കാണുമ്പോഴും ഓരോരോ ന്യായങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറി. ഒടുവിലവർ കൊടിയ വിനാശത്തിലകപ്പെടുകയായിരുന്നു. അവിശ്വാസത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ അത്തരം ദുരന്തം തന്നെയാണ് നിങ്ങളെയും കാത്തിരിക്കുന്നത്.

ഇവിടെ മൂസാ-ഫറവോൻ ചരിത്രം ആരംഭിക്കുന്നത് മൂസാ(അ)യുടെ പ്രവാചക നിയോഗം മുതലാണ്. അല്ലാഹു മൂസാ(അ)യെ വിളിച്ചത് എപ്പോഴായിരുന്നുവെന്നും എവിടെ വെച്ചായിരുന്നുവെന്നും സൂറഃ *ത്വാഹാ* 9-12 സൂക്തങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. അല്ലാഹു മൂസായെ വിളിച്ച് നേരെ ഫറവോനികളിലേക്ക് പോകാൻ കൽപിക്കുകയായിരുന്നില്ല. അതിനിടക്ക് അദ്ദേഹത്തിന് ദൈവിക സന്ദേശങ്ങൾ ബോധനം ചെയ്യുകയും പ്രബോധകനായി നിയോഗിക്കുകയും ചെയ്തുവെന്ന് സൂറ *ത്വാഹാ*യിൽ വ്യക്തമാക്കുന്നുണ്ട്.

പല സ്ഥലങ്ങളിലും اذْهَبْ إِلَىٰ فِرْعَوْنَ إِنَّهُ طَغَىٰ (ഫറവോനിലേക്ക് പോവുക, അവൻ ധിക്കാരിയായിരിക്കുന്നു) എന്നാണ് കൽപിക്കുന്നത്. ഇവിടെ മർദകജനത്തിലേക്ക്, അതായത് ഫറവോൻ ജനതയിലേക്ക് പോവുക - أَنِ ائْتِ الْقَوْمَ الظَّالِمِينَ قَوْمَ فِرْعَوْنَ - എന്നാണ് പറയുന്നത്. ഇവിടെ മർദക ജനത്തിന്റെ നേതാവായ ഫറവോനെ പിന്തിച്ച് അയാളുടെ പ്രജകളായ ജനതയെ- قوم മുന്തിച്ചു പറഞ്ഞതിൽ രണ്ടു താൽപര്യമുണ്ട്: ഒന്ന്, മുഹമ്മദ് നബിയുടെ മക്കയിലെ സാഹചര്യവുമായി കുടുതൽ അടുപ്പമുള്ളത് ഫറവോന്റെ ജനതയുടെ നിലപാടിനാണ്. രണ്ട്, അക്രമികളും മർദകരുമൊക്കെ നേതാക്കളും രാജാക്കന്മാരുമായി വാഴുന്നത് ജനങ്ങൾ അവരുടെ ചെയ്തികൾ അംഗീകരിക്കുന്നതുകൊണ്ടും അനുസരിക്കുന്നതുകൊണ്ടുമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മർദകരായ ഭരണാധികാരികളെ സൃഷ്ടിക്കുന്നത് അവരുടെ പ്രജകൾ തന്നെയാണ്. ഭരണാധികാരികളുടെ അക്രമം ജനങ്ങളുടെ അക്രമം കൂടിയാണ്. أَلَا يَتَّقُونَ എന്ന വാക്യത്തിന്റെ ആശയം നിങ്ങൾ ധർമബോധം കൈക്കൊള്ളാത്തതെന്ത് എന്നാകാം. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നില്ലേ എന്നുമാകാം. രണ്ടിന്റെയും സാരം ഒന്നുതന്നെയാണ്. ഫറവോനികളുടെ അക്രമത്തിന്റെയും അനീതിയുടെയും മൂർധന്യാവസ്ഥയെ സൂചിപ്പിക്കുന്ന ശൈലിയാണിത്. ഈ ജനം ദൈവത്തിന്റെ ശിക്ഷയും കോപവും ഒട്ടും ഭയപ്പെടാതെ അക്രമത്തിന്റെയും അനീതിയുടെയും മാർഗത്തിൽ കുതിച്ചുപായുകയാണല്ലോ എന്നാണതിന്റെ താൽപര്യം. ഇതേ രീതിയിൽ മറ്റു പ്രവാചകന്മാരും തങ്ങളുടെ ജനതകൾക്ക് മുന്നറിയിപ്പു നൽകിയിട്ടുള്ളതായി വരുന്ന 125,143,162,178 സൂക്തങ്ങളിൽ കാണാം. ■

قَالَ رَبِّ إِنِّي أَخَافُ أَنْ يُكَذِّبُونِ ﴿١٢﴾

12. മൂസാ ബോധിപ്പിച്ചു: നാഥാ, അവർ എന്നെ തള്ളിപ്പറയുമെന്ന് ഞാൻ ഭയപ്പെടുന്നു.

وَيَضِيقُ صَدْرِي وَلَا يَنْطَلِقُ لِسَانِي فَأَرْسِلْ إِلَىٰ هَارُونَ ﴿١٣﴾

13. എന്റെ ഹൃദയം ഞെരുങ്ങുന്നു. ഞാൻ വാചാലനുമല്ല. ആകയാൽ ഈ വെളിപാട് ഹാറൂനിലേക്കു കൂടി അയക്കേണമേ.

وَلَهُمْ عَلَيَّ ذَنْبٌ فَأَخَافُ أَنْ يَقْتُلُونِ ﴿١٤﴾

14. അവർക്കാണെങ്കിൽ എന്റെ പേരിൽ ഒരു കുറ്റവുമുണ്ട്. അതുകൊണ്ട് അവർ എന്നെ കൊന്നുകളയുമെന്നും ഭയപ്പെടുന്നു.

**12-14**

قَالَ = പറഞ്ഞു (മൂസാ ബോധിപ്പിച്ചു) رَبِّ إِنِّي أَخَافُ = നാഥാ, ഞാൻ ഭയപ്പെടുന്നു
أَنْ يُكَذِّبُونِ = (യുമെന്ന്) അവർ എന്നെ തള്ളിപ്പറയുന്നത് وَيَضِيقُ صَدْرِي = എന്റെ മാറിടം (ഹൃദയം) ഞെരുങ്ങുന്നു
وَلَا يَنْطَلِقُ لِسَانِي = എന്റെ നാവ് സ്വതന്ത്രമായി ചലിക്കുകയില്ല (ഞാൻ വാചാലനുമല്ല)
فَأَرْسِلْ إِلَىٰ هَارُونَ = ആകയാൽ (ഈ വെളിപാട്) നീ ഹാറൂനിലേക്ക് (കൂടി) അയക്കേണമേ
وَلَهُمْ عَلَيَّ ذَنْبٌ = അവർക്ക് (ആണെങ്കിൽ) എന്റെ മേൽ ഒരു കുറ്റവുമുണ്ട്
فَأَخَافُ أَنْ يَقْتُلُونِ = അതുകൊണ്ട് അവർ എന്നെ കൊല്ലുന്നത് (കൊന്നു കളയുമെന്നും) ഞാൻ ഭയപ്പെടുന്നു

പ്രവാചകത്വം ഏറ്റെടുക്കുന്നതിൽ മൂസാ നബിക്കുണ്ടായ കടുത്ത ഭയവും ഉത്കണ്ഠയുമാണ് ഈ പ്രതികരണത്തിൽ പ്രകാശിക്കുന്നത്. തികഞ്ഞ ഉത്തരവാദിത്തബോധമുള്ളവർ ഭാരിച്ച ഉത്തരവാദിത്തങ്ങളേറ്റെടുക്കാൻ ഭയപ്പെടുക സ്വാഭാവികമാണ്. മൂസാ (അ)ക്കാണെങ്കിൽ അതിനുപുറമെ മുന്നിൽ ഗുരുതരമായ പല പ്രതിബന്ധങ്ങളുമുണ്ട്. ഒന്നാമതായി അദ്ദേഹം ഈജിപ്തിലെ അടിമവർഗത്തിലെ അംഗമാണ്. പ്രബോധനം ചെയ്യേണ്ടത് ഉടമവർഗത്തെയും. അവരുടെ രാജാവാണെങ്കിൽ മഹാ അക്രമിയും സ്വേഛാധിപതിയുമാണ്. രണ്ടാമതായി ആ സമുദായത്തിനു മുമ്പിൽ ഒരു കൊലക്കേസിൽ പ്രതിയാണ് താൻ. മൂന്നാമതായി രാജാവിനെയിരിക്കട്ടെ, സാധാരണക്കാരെ പോലും ആകർഷിക്കാനുള്ള വാചാലതയോ വാക്ചാതുര്യമോ തനിക്കില്ല. ഈ സാഹചര്യത്തിൽ പ്രവാചകനായി പ്രത്യക്ഷപ്പെടുന്ന തന്റെ പ്രബോധനത്തെ ജനം മൂഢനായ ഒരടിമയുടെ ലക്കുകെട്ട ജൽപനങ്ങളായി പുഛിച്ചുതള്ളുകയേയുള്ളൂ. കൂടാതെ കൊലപാതകിയെന്ന നിലയിൽ രാജാവ് തനിക്കു വധശിക്ഷ വിധിക്കുമെന്നും താൻ ഭയപ്പെടുന്നു. ضيق -ന്റെ വർത്തമാന ക്രിയാരൂപമാണ് يَضِيقُ . ഇടുങ്ങുക, സങ്കോചിക്കുക, ഞെരുങ്ങുക എന്നർഥം. ഇതിന്റെ വിപരീതം شرح . സൂറഃ *ത്വാഹാ* 25-ാം സൂക്തത്തിൽ رَبِّ اشْرَحْ لِي صَدْرِي (നാഥാ എന്റെ മാറിടം വിശാലമാക്കിത്തരേണമേ) എന്ന് മൂസാ (അ) പ്രാർഥിക്കുന്നുണ്ട്. ഭയം, ഉത്കണ്ഠ, വ്യസനം, സാഹചര്യത്തിന്റെ സങ്കീർണത തുടങ്ങിയവയാൽ അവധാനതയോടെ ചിന്തിക്കാനും ഉചിതമായ തീരുമാനമെടുക്കാനും കഴിയാത്ത അവസ്ഥയാണ് ഇവിടെ ضيق الصدر . തടസ്സമില്ലാതെ സ്വയം ചലിക്കുകയാണ് انطلاق . അതിൽനിന്നുള്ള വർത്തമാന ക്രിയയാണ് ينطَلق. ബന്ധനത്തിൽനിന്നുള്ള മുക്തി طلق ആണ്. വിവാഹമോചനത്തിന് طلاق എന്നു പറയുന്നു. വാചാലന് طلق اللسان എന്നു പറയും. എനിക്ക് വാചാലമായി സംസാരിക്കാൻ കഴിയില്ല എന്നാണ് وَلَا يَنْطَلِقُ لِسَانِي എന്നു പറഞ്ഞതിന്റെ താൽപര്യം. *ത്വാഹാ* 27-ൽ ഈ പരിമിതി പരിഹരിച്ചുകിട്ടാൻ മൂസാ (അ) وَاحْلُلْ عُقْدَةً مِّن لِّسَانِي (എന്റെ നാവിന്റെ കുരുക്ക് അഴിച്ചുതരേണമേ) എന്നു പ്രാർഥിക്കുന്നുണ്ട്. ഇതുസംബന്ധിച്ച കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ നൽകിയിരിക്കുന്നു. എന്നിൽ ഇത്തരം പരിമിതികളെല്ലാം ഉള്ളതിനാൽ പ്രവാചകത്വത്തിന് എന്നേക്കാൾ യോഗ്യൻ എന്റെ സഹോദരൻ ഹാറൂൻ ആണെന്നും അതിനാൽ എന്നെ ഒഴിവാക്കി അദ്ദേഹത്തെ പ്രവാചകനായി നിയോഗിച്ചുകൊള്ളുക എന്നും അല്ല فَأَرْسِلْ إِلَىٰ هَارُونَ എന്ന വാക്യത്തിലൂടെ മൂസാ (അ) അല്ലാഹുവിനോട് അപേക്ഷിക്കുന്നത്; മറിച്ച് എന്റെ പരിമിതികൾ പരിഹരിക്കാൻ പര്യാപ്തനായ ഒരു സഹപ്രവാചകനായി എന്റെ സഹോദരൻ ഹാറൂനിനെയും നിയോഗിക്കേണമേ എന്നാണ്. ഇതേപ്പറ്റി മറ്റു സ്ഥലങ്ങളിൽ വന്നിട്ടുള്ള പരാമർശങ്ങളിൽനിന്നും അക്കാര്യം വ്യക്തമാകുന്നു.

وَاجْعَل لِّي وَزِيرًا مِّنْ أَهْلِي ﴿٢٩﴾ هَارُونَ أَخِي ﴿٣٠﴾ اشْدُدْ بِهِ أَزْرِي ﴿٣١﴾ وَأَشْرِكْهُ فِي أَمْرِي ﴿٣٢﴾

(എന്റെ കുടുംബത്തിൽനിന്നും എനിക്കൊരു സഹായിയെ നിശ്ചയിച്ചുതരേണമേ, അതായത് എന്റെ സഹോദരൻ ഹാറൂനിനെ. അവനിലൂടെ എന്റെ മുതുക് ബലിഷ്ഠമാക്കേണമേ, അവനെ എന്റെ ദൗത്യത്തിൽ പങ്കാളിയാക്കേണമേ-20:29-32).

وَأَخِي هَارُونُ هُوَ أَفْصَحُ مِنِّي لِسَانًا فَأَرْسِلْهُ مَعِيَ رِدْءًا يُصَدِّقُنِي ۖ إِنِّي أَخَافُ أَن يُكَذِّبُونِ ﴿٣٤﴾

(എന്റെ സഹോദരൻ ഹാറൂൻ എന്നേക്കാൾ വാചാലനാകുന്നു. അദ്ദേഹത്തെ എന്റെ കൂടെ സഹായിയായി നിയോഗിച്ചുതരേണമേ, അദ്ദേഹം എന്നെ ബലപ്പെടുത്താൻ. ആ ജനം എന്നെ തള്ളിപ്പറയുമെന്ന് ഞാൻ ആശങ്കിക്കുന്നു-28:34).

ഈ രണ്ടു സൂക്തങ്ങളിലും رِدْء - وَزِير (സഹായി-പിൻബലം) എന്നീ പദങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്, കേവല സേവകനെയോ സഹായിയെയോ അല്ലെന്നും സഹപ്രവാചകൻ തന്നെയാണെന്നും പ്രകൃതസൂക്തത്തിലെ فَأَرْسِلْ إِلَىٰ هَارُونَ എന്ന വാക്യം സ്പഷ്ടമാക്കുന്നു. ■